# ശാസ്താംകോട്ട സി ഡി എസ്

## ശാസ്താംകോട്ട സി ഡി എസിലെ കോവിഡ് കാലത്തെ പ്രവ ത്തനങ്ങ

കൊല്ലം ജില്ലയുടെ മധ്യഭാഗത്തായി സ്ഥിതിചെയ്യുന്ന ,അനുദിനം വികസിച്ചുകൊണ്ടിരിക്കുന്ന പ്രദേശമാണ് ശാസ്താംകോട്ട. ഈ പഞ്ചായത്ത് കുന്നത്തൂർ താലൂക്കിൽ ശാസ്താംകോട്ട ബ്ലോക്കിൽ സ്ഥിതി ചെയ്യുന്നു.നമ്മുടെ ഏറ്റവും വലിയ ശുദ്ധജലതടാകമായ ശാസ്താംകോട്ടകായൽ ഈ പഞ്ചായത്തിൽ സ്ഥിതിചെയ്യുന്നു.ചെറുകിട നാമമാത്രകർഷകരും കച്ചവടക്കാരുമാണ് ശാസ്താംകോട്ട പഞ്ചായത്തിൽ ഏറ്റവും കൂടുതൽ താമസക്കാരായി ഉള്ളത്. കായലോര മത്സ്യബന്ധനവും ശാസ്താംകോട്ടയിലെ ജനങ്ങളുടെ വരുമാനമാർഗമാണ്.

ശാസ്താംകോട്ട പഞ്ചായത്തിൽ 2002 ആണ് കുടുംബശ്രീ സി ഡി എസ് പ്രവർത്തനം ആരംഭിച്ചത്.320 അയൽക്കൂട്ടങ്ങളും 18 എ ഡി എസും ചേർന്നതാണ് ശാസ്താംകോട്ട സി ഡി എസ്.സമൂഹത്തിലെ എല്ലാമേഖലയിലേക്കും ഇറങ്ങിച്ചെന്ന് പ്രവർത്തിക്കുവാനും തൊഴിൽ ചെയ്യുവാനും കുടുംബശ്രീ അംഗങ്ങളെ പ്രാപ്തരാക്കാൻ സിഡിഎസിനു കഴിഞ്ഞിട്ടുണ്ട്.

നിലവിൽ 320 കുടുംബശ്രീയൂണിറിറുകളും 98 സംഘകൃഷി യൂണിറ്റുകളും 34 സംരംഭകയൂണിറ്റുകളും ശാസ്താംകോട്ട സി ഡി എസിൽ പ്രവർത്തിക്കുന്നുണ്ട്.കുട്ടികളിലെ കഴിവു കണ്ടെത്തുന്നതിനും അവരുടെ കഴിവിനെ പ്രോത്സാഹിപ്പിക്കുന്നതിനും വേണ്ടി 48 ഓളം ബാലസഭകൾ വിവിധ വാർഡുകളിൽ എ ഡി എസിൻറെ നേതൃത്വത്തിൽ പ്രവർത്തിച്ചു വരുന്നു.ഇതു കൂടാതെ സമൂഹത്തിലെ അശരണരായ ആളുകൾക്ക് ഭക്ഷണകിറ്റ് എത്തിച്ചു നൽകുന്ന അഗതിരഹിത കേരളം പദ്ധതിയും ശാസ്താംകോട്ട സി ഡി എസ് വഴി നടപ്പാക്കി വരുന്നു.

വീട്ടിൽ ഒരു കുടുംബശ്രീ ഉൽപ്പന്നം എന്ന ക്യാമ്പയിൻറെ ഭാഗമായി വാർഡുകളിൽ മീറ്റിംഗ് നടത്തിവരുന്ന സമയത്താണ് കോവിഡ് എന്ന മഹാമാരി ലോകത്തുടനീളം പടർന്നുപിടിച്ചത്.അതിനെത്തുടർന്ന് കോവിഡ് പ്രതിരോധപ്രവർത്തനങ്ങൾ ആരംഭിച്ചു.

1. **മാസ്ക് കളക്ഷൻ സെൻറർ.**

ശാസ്താംകോട്ട ബ്ലോക്കിലെ 7 സി ഡി എസുകളിലേയും കുടുംബശ്രീ സംരംഭകർ തയ്യാറാക്കിയ മാസ്കുകൾ എത്തിക്കുവാനുള്ള കളക്ഷൻ സെൻററായി ശാസ്താംകോട്ട സി ഡി എസാണ് പ്രവർത്തിച്ചത്. ജില്ലാമിഷൻറെ ഓർഡർ അനുസരിച്ചാണ് മാസ്ക് എത്തിച്ചിരുന്നത്.



**2.കമ്മ്യൂണിറ്റി കിച്ച**

28.03.2020 മുതൽ ശാസ്താംകോട്ട പഞ്ചായത്തിൽ സമൂഹ അടുക്കള പ്രവർത്തനം ആരംഭിച്ചതുമുതൽ പഞ്ചായത്ത് ഭയണസമിതിക്ക് ഒപ്പം നിന്ന് സമൂഹ അടുക്കളയുടെ പ്രവർത്തനം ഏറ്റെടുത്തത് കുടുംബശ്രീ സിഡി

എസുംകുടുംബശ്രീ സ



സംരംഭകരുമാണ്.



ചെയർപേഴ്സണിൻറെ നേതൃത്വത്തിൽ കുടുംബശ്രീ അംഗങ്ങളാണ് സമൂഹ അടുക്കളയിൽ പാചകം ചെയ്തിരുന്നത്.

സി ഡി എസിൻറെ നേതൃത്വത്തിൽ സംഘകൃഷി ഗ്രൂപ്പുകളിൽ നിന്ന് സമൂഹ അടുക്കളയ്ക്ക് വേണ്ടുന്നപച്ചക്കറികൾ എത്തിച്ചു നൽകാൻ സാധിച്ചു.



3.ബോധവത്കരണ പ്രവ ത്തനങ്ങ

പഞ്ചായത്തിലെ എല്ലാവാർഡുകളിലും ഹെൽത്തു ഡിപ്പാർട്ട്മെൻറും പഞ്ചായത്ത് ഭരണസമിതിയുമായി സംയോജിച്ച് കോവിഡ് -19 ബോധവത്കരണ ക്ലാസുകൾ നടത്തി.

ഒരോ വാർഡിലേയും വീടുകൾ എ ഡി എസ് അംഗങ്ങൾ സന്ദർശിക്കുകയും മാസ്ക്, സാനിറ്റൈസർ എന്നിവ എത്തിച്ചു നൽകുകയും ചെയ്തു.

പഞ്ചായത്ത് ഭരണസമിതിയും കുടുംബശ്രീ അംഗങ്ങളും ചേർന്ന് സേവന സന്നദ്ധ പ്രതിരോധ പ്രവർത്തനത്തിൻറെ ഭാഗമായി കോവിഡ് കാലഘട്ടത്തിൽ

ശുചീകരണപ്രവർത്തനങ്ങൾ നടത്തി.



അഗതികൾക്ക് ഭക്ഷ്യവിതരണകിറ്റ് വിതരണം ചെയ്തു.0

**4.വായ്പാ സഹായം**

320 കുടുംബശ്രീ യൂണിറ്റുകൾ കേരള സർക്കാർ പ്രഖ്യാപിച്ച വായ്പാ ധനസഹായത്തിനപേക്ഷിച്ചതിൽ നിന്നും ഇതുവരെ 50 ഓളം യൂണിറ്റുകൾക്ക് വായ്പ അനുവദിക്കാനും സി ഡി എസിനു കഴിഞ്ഞു. [redacted]



**5.തുണിസഞ്ചി/മാസ്ക് നിർമ്മാണം**

ശാസ്താകോട്ട സി ഡി എസി ലെ സംരംഭക യൂണിറ്റുകൾ ചേർന്ന് മഹാത്മാഗാന്ധി തൊഴിലുറപ്പ് പദ്ധതിയുമായി ബന്ധപ്പെട്ട് 2000 മാസ്കുകളും.സപ്ലൈകൊ ഭക്ഷ്യകിറ്റ് വിതരണ ആവശ്യത്തിന് 5000 ത്തോളം തുണിസഞ്ചികളും കുറഞ്ഞ നിരക്കിൽ നിർമ്മിച്ചു നൽകി.

### 6.ജനകീയ ഹോട്ട

കോവിഡ് രോഗബാധയുടെ പശ്ചാത്തലത്തിൽ സാധാരണക്കാരായ തൊഴിലാളികളും ജോലിക്കാരും ഭക്ഷണം കഴിക്കാൻ ബുദ്ധിമുട്ടുന്ന ഈ സാഹചര്യത്തിൽ പഞ്ചായത്തിൻറെ നേതൃത്വത്തിൽ ജനകീയ ഹോട്ടൽ ആരംഭിച്ചു.

ജനകീയഹോട്ടലിൽ നിന്നും ആശുപത്രികളിലേക്കും,പഞ്ചായത്ത് ജീവനക്കാർക്കും ക്വാറൻറയിനിൽ കഴിയുന്ന പ്രവാസികൾക്കും ഭക്ഷണം എത്തിച്ചു നൽകുന്നു.




### മറ്റു പ്രവ ത്തനങ്ങ

1. കൃഷിഭവനുമായി സഹകരിച്ച് കൃഷിവ്യാപനത്തിൻറെ ഭാഗമായി എല്ലാ വീടുകളിലും സി ഡി എസിൻറെ നേതൃത്വത്തിൽ പച്ചക്കറി വിത്തുകൾ എത്തിച്ചു നൽകി
2. ആശ്രയ ഗുണഭോക്താക്കൾക്ക് ഭക്ഷ്യധാന്യകിറ്റുകൾ, പച്ചക്കറികിറ്റുകൾ എന്നിവ വീടുകളിൽ എത്തിച്ചു നൽകി.

3. കോവിഡ് അനന്തരം സംസ്ഥാനത്തെ ഭക്ഷ്യോത്പാദനം വർദ്ധിപ്പിക്കുന്നതിനും സംസ്ഥാന സർക്കാർ പ്രഖ്യാപിച്ച സുഭിക്ഷകേരളം പദ്ധതിയുടെ നടത്തിപ്പുമായി ബന്ധപ്പെട്ട് കമ്മറ്റികളിൽ സജീവമായി പങ്കെടുത്തുവരുന്നു.

ഇവയെല്ലാം കൂടാതെ കോവിഡുമായി ബന്ധപ്പെട്ട ബാക്കി എല്ലാ പ്രവർത്തനങ്ങളിലും സി ഡി എസും മറ്റു കുടുംബശ്രീ അംഗങ്ങളും സജീവമായി പങ്കെടുത്തു വരുന്നു

**തയ്യാറാക്കിയത്**

ഇന്ദു. കെ. എസ്

ആർ. പി- എം ഇ സി (സംരംഭം)

ശാസ്താംകോട്ട ബ്ലോക്ക് .